# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2497 08.05.2017 -ലെ മറുപടി

## വൻകിട ജലസേചന പദ്ധതികളുടെ നടത്തിപ്പിലുണ്ടായ അനാസ്ഥ സംബന്ധിച്ച് ധവളപത്രം


ചോദ്യം

ശ്രീ.എ.പി. അനിൽ കുമാർ
ശ്രീ. അൻവർ സാദത്ത്
ശ്രീ.സണ്ണി ജോസഫ്
ശ്രീ. അനൂപ് ജേക്കബ്

മറുപടി

മാത്യു ടി തോമസ്
ജലവിഭവ വകുപ്പുമന്ത്രി


| | | | |
|---|---|---|---|
| എ) | വൻകിട ജലസേചന പദ്ധതികൾ ഇനി ഏറ്റെടുക്കേണ്ടതില്ലായെന്ന് ജലവിഭവ വകുപ്പ് നിലപാട് സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അത്തരമൊരു നിലപാടിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണ്; | എ) | ഇല്ല, ബാധകമല്ല. |
| ബി) | മൂവാറ്റുപുഴ, ഇടമലയാർ, ബാണാസുരസാഗർ, കാരാപ്പുഴ എന്നീ പദ്ധതികളുടെ അടങ്കൽ എത്രയായിരുന്നുവെന്നും ഇനി എന്ത് തുകയാണ് പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണത്തിന് ആവശ്യമുള്ളതെന്നും വിശദമാക്കുമോ; | ബി | (see table below) |

| പദ്ധതി | അടങ്കൽ തുക (കോടി രൂപ) | പുതുക്കിയ പദ്ധതി തുക (കോടി രൂപ) | പൂർത്തീകരണത്തിന് ഇനി ആവശ്യമായ തുക (കോടി രൂപ) |
|---|---|---|---|
| കാരാപ്പുഴ ജലസേചന പദ്ധതി | 7.60 | 570 | 245 |
| ബാണാസുര സാഗർ ജലസേചന പദ്ധതി | 37.88 | 185.50 | 131.50 |
| മൂവാറ്റുപ്പുഴവാലി ജലസേചന പദ്ധതി | 48.08 | 945 | 76 |
| ഇടമലയാർ ജലസേചന പദ്ധതി | 17.71 | 1661 | 700 |

| | | | |
|---|---|---|---|
| സി) | പ്രസ്തുത പദ്ധതികൾ മൂലം എത്ര ഹെക്ടർ സ്ഥലത്ത് ജലസേചനം സാധ്യമായി എന്നറിയിക്കുമോ; | സി | കാരാപ്പുഴ പദ്ധതി മൂലം നിലവിൽ 591.48 ഹെക്ടർ സ്ഥലത്ത് ജലസേചനം സാധ്യമായിട്ടുണ്ട്. പ്രസ്തുത പദ്ധതി പൂർത്തീകരിക്കുമ്പോൾ 5221 ഹെക്ടർ സ്ഥലത്ത് ജലസേചനം സാധ്യമാവും. ബാണാസുരസാഗർ പദ്ധതി പൂർത്തിയാകുമ്പോൾ 2800 ഹെക്ടർ സ്ഥലത്ത് ജലസേചനം സാധ്യമാവുന്നതാണ്. മൂവാറ്റുപുഴവാലി ജലസേചനപദ്ധതി മുഖേന ഇതുവരെ 35619 ഹെക്ടർ സ്ഥലത്തും ഇടമലയാർ ജലസേചനപദ്ധതി മുഖേന ഇതുവരെ 2628 ഹെക്ടർ സ്ഥലത്തും ജലസേചനം സാധ്യമായിട്ടുണ്ട്. |
| ഡി) | പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിലുണ്ടായ കുറ്റകരമായ അനാസ്ഥ സംബന്ധിച്ച് ഒരു ധവളപത്രം പുറപ്പെടുവിക്കുമോ? | ഡി | സംസ്ഥാന ആസൂത്രണ ബോർഡ് ഈ പദ്ധതികൾ സംബന്ധിച്ച് സ്വീകരിക്കേണ്ട തുടർ നടപടികൾ ശുപാർശ ചെയ്യുവാൻ ഒരു സമിതി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ധവള പത്രം പുറപ്പെടുവിക്കുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ